ബ്രഹ്മൻ യമനുഗൃഹ്ണാമി തദ്വിശോ വിധുനോമ്യഹം
യന്മദ: പുരുഷ: സ്തബ്ധോ ലോകം മാം ചാവമന്യതേ (**8-22-24**)
യദാ കദാചിജ്ജീവാത്മാ സംസരൻ നിജകർമ്മഭി:
നാനായോനിഷ്വനീശോ*ƒ*യം പൌരുഷീം ഗതിമാവ്രജേത് (**8-22-25**)
ജന്മ കർമ്മവയോരൂപവിദ്യൈശ്വര്യധനാദിഭി :
യദ്യസ്യ ന ഭവേത് സ്തംഭസ്തത്രായം മദനുഗ്രഹ : (**8-22-26**)

*ബലി പറഞ്ഞു:*
ഭഗവൻ, മൂന്നാമത്തെ ചുവട് എന്റെ ശിരസ്സിൽ വച്ചുകൊള്ളുക. ഒരാളുടെ ഏറ്റവും പ്രിയപ്പെട്ട സമ്പാദ്യം സ്വന്തം ശിരസ്സാണല്ലോ. ദിവ്യനും ഉന്നതനുമായ ഒരാളുടെ പക്കൽനിന്നും കിട്ടുന്ന ശിക്ഷപോലും അനുഗ്രഹ മത്രെ. ശത്രു പോലെ വന്ന അവിടുന്ന് വാസ്തവത്തിൽ എനിക്ക് ഏറ്റവും വലിയ ഉപകാരിയായിരിക്കുന്നു. കാരണം അവിടുത്തെ പ്രവൃത്തികൊണ്ട്, അധികാരം കൈയാളുന്നതിലുള്ള ദുഷ്സാദ്ധ്യതകൾ ക്ഷണനേരം കൊണ്ട് ഞങ്ങൾക്ക് നേരിട്ട് മനസ്സിലായി. എന്റെ മുത്തച്ഛൻ പ്രഹ്ലാദൻ അങ്ങയുടെ പാദങ്ങളിലഭയം തേടി. തന്നെ ഉപേക്ഷിക്കുന്ന ശരീരത്തോട് പ്രേമം തോന്നിയിട്ട് പ്രയോജനമില്ലെന്ന് ആ മഹാനുഭാവൻ അറിഞ്ഞിരുന്നു. ബന്ധുക്കൾ, മരണശേഷം സ്വത്ത് തട്ടിയെടുക്കാൻ വെമ്പലുള്ളവരും, ഭാര്യ, തന്നോടുള്ള മായാമതിഭ്രമം കാരണം ദേഹാന്തരപ്രാപ്തിക്കിടവരുത്തുന്നവളും, ഗൃഹം ലൗകീകബന്ധത്തെ തീവ്രമാക്കുന്നതുമത്രെ. അങ്ങയുടെ സാന്നിദ്ധ്യം ഞാൻ ഭാഗ്യമായി കരുതുന്നു.

*ആ സമയത്ത് പ്രഹ്ലാദൻ പ്രത്യക്ഷപ്പെട്ട് പറഞ്ഞു:*
ഭഗവൻ, അവിടുന്നാണല്ലോ ബലിക്ക് രാജാധികാരം നൽകിയതും ഇന്ദ്രപദവിയും അധികാരങ്ങളും നേടാനിടയാക്കിയതും. ഇപ്പോൾ അങ്ങതു തിരിച്ചെടുക്കുന്നു. അങ്ങയുടേതു തന്നെയായ ഇവയിൽ നിന്ന് മുക്തനായി ബലി, അഹങ്കാരത്തിൽനിന്നും മോഹവലയത്തിൽനിന്നും രക്ഷനേടുമല്ലോ.

*ബലിയുടെ ഭാര്യയായ വിന്ധ്യാവലി പറഞ്ഞു:*
ഈ വിശ്വം മുഴുവനും അവിടത്തെ സൃഷ്ടിയാണല്ലൊ. അജ്ഞാനികൾ മാത്രമെ വിശ്വത്തിലെ ഓരോ ഭാഗങ്ങൾ തിരിച്ച് അധികാരികളെന്ന് നടിക്കുകയുള്ളു. എല്ലാം അവിടുത്തേതു തന്നെയാവുമ്പോൾ അവിടുത്തേക്ക് എന്തെങ്കിലും ദാനം ചെയ്യാൻ ആരേക്കൊണ്ട് കഴിയും?

*ബ്രഹ്മാവ് പ്രാർത്ഥിച്ചു:*
അവിടുത്തെ പൂജിച്ച ബലിക്ക് ദു:ഖമുണ്ടാക്കുന്നതെങ്ങിനെ? അദ്ദേഹത്തെ മുക്തനാക്കിയാലും.

*ഭഗവാൻ പറഞ്ഞു:*
ഞാൻ ആരെയെങ്കിലും അനുഗ്രഹിക്കുമ്പോൾ ആദ്യം അവരുടെ ഭാഗ്യങ്ങളും സ്വത്തുക്കളും അവരിൽ നിന്നകറ്റുന്നു. അവ ഒരുവന് മറ്റുള്ളവരെ നിന്ദിക്കാനും എന്നെപ്പോലും അപഹസിക്കാനും ഇടവരുത്തുന്നു. എന്നാൽ ഏതൊരുവൻ സ്വത്തുകൊണ്ടോ, കുലമഹിമയാലോ, പുണ്യകർമ്മങ്ങളാലോ, യുവത്വംകൊണ്ടോ, വിദ്യ, ശക്തി, ധനം എന്നിവയാലോ ചഞ്ചലപ്പെടാതേയും, അഹങ്കാരിയോ ധിക്കാരിയോ ആവാതേയും ഇരിക്കുന്നുവോ, അവന്റെ അത്തരത്തിലുള്ള ഭാഗ്യവും എന്റെ അനുഗ്രഹമാണ്. ബലി എന്റെ മായയെ അതിജീവച്ചിരിക്കുന്നതിനാലാണ് ഈ ദുർഘടസന്ധിയിലും പതറാതിരിക്കുന്നത്. തന്റെ ബന്ധുമിത്രാദികൾ ഉപദേശിച്ചിട്ടും തന്റെ പ്രതിജ്ഞ നിറവേറ്റാൻ ബലി തയ്യാറായി. എന്റെ സാമ്രാജ്യത്തിലൊരു സ്ഥാനത്തിന് ബലി സർവ്വഥാ അർഹനത്രെ. ഇന്ദ്രപദവി കിട്ടുക എന്നൊരാഗ്രഹം മനസ്സിൽ ഇപ്പോഴും ഉള്ളതിനാൽ അടുത്ത മന്വന്തരത്തിൽ ബലിക്ക് ഇന്ദ്രപദവി ലഭിക്കും. അതുവരെ ബലി നരകങ്ങൾ ഭരിക്കും. ആ പദവി ദേവന്മാർക്കു പോലും പ്രിയങ്കരമത്രെ. എന്റെ ചക്രം ബലിയെ രാക്ഷസവാസനകളിൽനിന്നും രക്ഷിക്കുന്നതാണ്. ഗദാധാരിയായി ഞാൻ സ്വയം ബലിയുടെ അധോലോകങ്ങൾക്കു കാവൽ നിൽക്കുന്നതുമാണ്.